# 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5327** **21-07-2022 - ൽ മറുപടിയ്ക്ക്**

## ഭിന്നശേഷി അവകാശ നിയമമനുസരിച്ച് നികത്തേണ്ട തസ്തികകൾ സംബന്ധിച്ച്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്രസർക്കാർ 2016-ൽ പാസാക്കിയ ഭിന്നശേഷി അവകാശ നിയമമനുസരിച്ച് സംസ്ഥാന സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഭിന്നശേഷികാർക്കുള്ള മൂന്ന് ശതമാനം സംവരണത്തിലൂടെ നികത്തുന്നതിനായി ആകെ എത്ര തസ്തികളാണ് നീക്കി വെച്ചിട്ടുള്ളതെന്നറിയിക്കാമോ; വിശദ വിവരങ്ങൾ നൽകാമോ; | (എ) | കേന്ദ്രസർക്കാർ 2016-ൽ പാസാക്കിയ ഭിന്നശേഷി അവകാശ നിയമമനുസരിച്ച സംസ്ഥാന സർക്കാർ/ പൊതുമേഖല സ്ഥാപനങ്ങളിൽ ഭിന്നശേഷികാർക്കുള്ളത് നാല്വ ശതമാനം സംവരണം ആണ്. 1995-ലെ ഭിന്നശേഷി നിയമം അനുസരിച്ചാണ് മൂന്നു ശതമാനം സംവരണം നൽകുന്നത്. ഇതിനായി 380 തസ്തികകൾ കണ്ടെത്തിയിരുന്നു. അവയിലാണ് PSC നിയമനങ്ങൾ നടത്തുന്നത്. |
| (ബി) | ഇവയിൽ നിലവിൽ എത്ര തസ്തികൾ നികത്തിയിട്ടുണ്ടെന്നറിയിക്കാമോ; | (ബി) | ഭിന്നശേഷിക്കാർക്കായി കണ്ടെത്തിയിട്ടുള്ള തസ്തികകളിൽ PSC വഴി നിയമനം നടത്തുന്നുണ്ട്. |
| (സി) | പ്രസ്തുത നിയമം അനുസരിച്ച് നികത്താനുള്ള ബാക്ക് ലോഗ് തസ്തികൾ എത്രയാണെന്നറിയിക്കാമോ; | (സി) | G.O.(P) No. 11/2021/SJD തീയതി 26.06.2021 സർക്കാർ ഉത്തരവ് പ്രകാരം Persons with Disabilities (Equal Opportunities, Protection of Rights and Full Participation) Act, 1995-ന്റെ അടിസ്ഥാനത്തിൽ നൽകി വരുന്ന identified തസ്തികകളിലെ 3% സംവരണം പൂർണ്ണമായി നടപ്പിലാക്കിയിട്ടുണ്ടെന്നും നിലവിൽ 1996 മുതൽ 2017 വരെ നടന്ന നിയമനങ്ങളിൽ, ഈ കാലഘട്ടത്തിൽ ബാക്ക് ലോഗ് നിലവിലില്ലായെന്നും സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | വിവിധ കാറ്റഗറിയില്ലുള്ള ഭിന്നശേഷിക്കാർക്കായി സംവരണത്തിലൂടെ നികത്തേണ്ട അനുയോജ്യ തസ്തികകൾ ഏതൊക്കെയാണെന്ന് പൂർണ്ണമായും കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ഡി) | സർക്കാർ വകുപ്പുകളിലെ വിവിധ എൻട്രി കേഡർ തസ്തികകളിൽ ഭിന്നശേഷിക്കാർക്കായി സംവരണത്തിലൂടെ നികത്തേണ്ട അനുയോജ്യ തസ്തികകൾ കണ്ടെത്തുന്ന പ്രവർത്തനങ്ങളുടെ പ്രാരംഭ പരിശോധന സാമൂഹ്യനീതി വകുപ്പും വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന NISH-ഉം ചേർന്ന് തയ്യാറാക്കിയ കരട് പൊതുജനാഭിപ്രായത്തിനായി സാമൂഹ്യനീതി |

| | | | |
|---|---|---|---|
| | | | വകുപ്പ്, നിഷ് എന്നിവയുടെ വെബ് സൈറ്റുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ഇ) | ഭിന്നശേഷിക്കാർക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തുന്നതിന് വകുപ്പുകളുടെ ഭാഗത്ത് നിന്നുള്ള നടപടികൾ കാര്യക്ഷമമല്ല എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് സ്വീകരിച്ച പരിഹാര നടപടികൾ അറിയിക്കാമോ; | (ഇ) | ഭിന്നശേഷിക്കാർക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തുന്നതിന് വിവിധ വകുപ്പുകളുടെ ഭാഗത്ത് നിന്നുള്ള നടപടികൾ കാര്യക്ഷമമല്ല എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലാണ് തസ്തിക കണ്ടെത്തുന്ന നടപടികളിൽ മുഴുവൻ വകുപ്പുകളെയും ഉൾക്കൊള്ളിക്കാൻ നടപടി സ്വീകരിച്ചത്. |
| (എഫ്) | പ്രസ്തുത വിഷയത്തിൽ സംസ്ഥാന സർക്കാർ സുപ്രീം കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിന്റെ വിശദവിവരങ്ങളും അതിന്മേൽ സ്വീകരിച്ച നടപടികളും എന്തൊക്കെയാണെന്ന് അറിയിക്കാമോ? | (എഫ്) | ഭിന്നശേഷിക്കാർക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തുന്ന വിഷയത്തിൽ സംസ്ഥാന സർക്കാർ സുപ്രീം കോടതിയിൽ സത്യവാങ്മൂലമൊന്നും സമർപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ